തേയിലത്തോട്ടം തൊഴിലാളികളുടെ വേതനം 232 രൂപയിൽ നിന്നും 301 രൂപയായി വർദ്ധിപ്പിച്ചു. ഏലത്തോട്ടം തൊഴിലാളികളുടെ വേതനം 267 രൂപയിൽ നിന്നും 330 രൂപയാക്കി വർദ്ധിപ്പിച്ചു. റബ്ബർത്തോട്ടം തൊഴിലാളികളുടെ വേതനം 317 രൂപയിൽനിന്നും 381 രൂപയാക്കി.

(ബി) ബോണസ് സംബന്ധിച്ച് ഒത്തുതീർപ്പ് നടപ്പിലായി 20 ശതമാനം ബോണസ് തൊഴിലാളികൾക്ക് വിതരണം ചെയ്തു. വേതന വർദ്ധനവ് 2015 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമായി. ബാക്കിയുള്ള വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റി അന്തിമ തീരുമാനം എടുത്തിട്ടില്ല.

(സി) ബോണസ്, വേതന വർദ്ധനവ് എന്നിവ ഒഴികെയുള്ള മറ്റ് വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമാകേണ്ടതുണ്ട്. ആയത് തീരുമാനമാകുന്ന മുറയ്ക്ക് ടി തീരുമാനങ്ങൾ നടപ്പിലാക്കാത്ത തോട്ടമുടമകൾക്കെതിരെ 1951-ലെ പ്ലാന്റേഷൻ തൊഴിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മൂന്നാറിലെ തോട്ടം തൊഴിലാളി സമരം

292 (981) ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ തോട്ടം തൊഴിലാളികളുടെ സമരം ഒത്തു തീർപ്പാക്കുന്നതിന് കൈക്കൊണ്ട തീരുമാനങ്ങളും വ്യവസ്ഥകളും എന്തൊക്കെയായിരുന്നുയെന്ന് വിശദമാക്കുമോ;

(ബി) ആയത് പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞോ; ഇല്ലെങ്കിൽ ഏതൊക്ക തീരുമാനങ്ങളാണ് നടപ്പിലാക്കിയതെന്നും ഏതൊക്കെയാണ് ഇനി നടപ്പിലാക്കേണ്ടതെന്നും വ്യക്തമാക്കുമോ;

(സി) തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.) കമ്പനിയുടെ ഉടമസ്ഥതയിൽ മൂന്നാറിൽ പ്രവർത്തിച്ചുവരുന്ന വിവിധ തേയില തോട്ടങ്ങളിലെ തൊഴിലാളികളുടെ 2014-15 വർഷത്തെ ബോണസ് സംബന്ധിച്ച് ഉണ്ടായിരുന്ന തർക്കം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 13-9-2015 തീയതിയിൽ വിളിച്ചു ചേർത്ത യോഗത്തിൽ ഒത്തുതീർപ്പായി. ഒത്തുതീർപ്പ് വ്യവസ്ഥകൾ ചുവടെ ചേർക്കും പ്രകാരമാണ്:

LIBRARY ARCHIVES Kerala Legislative Assembly

1. M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.) മൂന്നാറിലെ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 2014-15 വർഷത്തേക്ക് ബോണസ് നിയമപ്രകാരം 8.33 ശതമാനം ബോണസും കൂടാതെ 11.67 ശതമാനം തുക എക്സ്ഗ്രേഷ്യയായും സ്പെഷ്യൽ കേസായി നൽകുന്നതാണ്. (ആകെ 20 ശതമാനത്തിന് തുല്യമായ തുക).

2. ടി തുക 21-9-2015 തീയതിയിലോ അതിനുമുമ്പോ വിതരണം നടത്തുന്നതാണ്.

3. തൊഴിലാളികളുന്നയിച്ച വേതന വർദ്ധനവ് ഉൾപ്പെടെയുള്ള ഇതര വിഷയങ്ങൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

4. 1951-ലെ തോട്ടം തൊഴിലാളി നിയമപ്രകാരവും മറ്റ് തൊഴിൽ നിയമപ്രകാരവും തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള നിയമലംഘനങ്ങൾ സംബന്ധിച്ച് പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ അടിയന്തരമായി പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

   കൂടാതെ തോട്ടം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാനത്തുനടന്ന തോട്ടം തൊഴിലാളി സമരം 14-10-2015 തീയതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ വച്ച് ഒത്തുതീർപ്പായി. ഇതുപ്രകാരമുള്ള തൊഴിലാളികളുടെ വേതന വർദ്ധനവ് സംബന്ധിച്ചുള്ള വ്യവസ്ഥകൾ ചുവടെ പറയുംപ്രകാരമാണ്: തേയിലത്തോട്ടം തൊഴിലാളികളുടെ വേതനം 232 രൂപയിൽ നിന്നും 301 രൂപയായി വർദ്ധിപ്പിച്ചു. ഏലത്തോട്ടം തൊഴിലാളികളുടെ വേതനം 267 രൂപയിൽ നിന്നും 330 രൂപയാക്കി വർദ്ധിപ്പിച്ചു. റബ്ബർത്തോട്ടം തൊഴിലാളികളുടെ വേതനം 317 രൂപയിൽനിന്നും 381 രൂപയാക്കി.

(ബി) ബോണസ് സംബന്ധിച്ച് ഒത്തുതീർപ്പ് നടപ്പിലായി 20 ശതമാനം ബോണസ് തൊഴിലാളികൾക്ക് വിതരണം ചെയ്തു. വേതന വർദ്ധനവ് 2015 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമായി. ബാക്കിയുള്ള വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റി അന്തിമ തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബോണസ്, വേതന വർദ്ധനവ് എന്നിവ ഒഴികെയുള്ള മറ്റ് വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമാകേണ്ടതുണ്ട്. ആയത് തീരുമാനമാകുന്ന മുറയ്ക്ക് ടി തീരുമാനങ്ങൾ നടപ്പിലാക്കാത്ത തോട്ടമുടമകൾക്കെതിരെ 1951-ലെ പ്ലാന്റേഷൻ തൊഴിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മൂന്നാറിലെ തോട്ടം തൊഴിലാളി സമരം

293 (982) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ തോട്ടം തൊഴിലാളി സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത വ്യവസ്ഥകളും തീരുമാനങ്ങളും പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കിയവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇനി നടപ്പിലാക്കേണ്ടതുമായ തീരുമാനങ്ങൾ എന്തൊക്കെയാണെന്നും അവ നടപ്പിലാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.) കമ്പനിയുടെ ഉടമസ്ഥതയിൽ മൂന്നാറിൽ പ്രവർത്തിച്ചുവരുന്ന വിവിധ തേയിലത്തോട്ടങ്ങളിലെ തൊഴിലാളികളുടെ 2014-15 വർഷത്തെ ബോണസ് സംബന്ധിച്ചുണ്ടായിരുന്ന തർക്കം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 13-9-2015 തീയതിയിൽ വിളിച്ചുചേർത്ത ബന്ധപ്പെട്ട കക്ഷികളുടെ യോഗത്തിൽ ഒത്തുതീർപ്പായി. ഒത്തുതീർപ്പ് വ്യവസ്ഥകൾ ചുവടെ ചേർക്കും പ്രകാരമാണ്:

1. M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.) മൂന്നാറിലെ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 2014-15 വർഷത്തേയ്ക്ക് ബോണസ് നിയമപ്രകാരം 8.33 ശതമാനം ബോണസും കൂടാതെ 11.67 ശതമാനം തുക എക്സ്ഗ്രേഷ്യയായും സ്പെഷ്യൽ കേസായി നൽകുന്നതാണ്. (ആകെ 20 ശതമാനത്തിന് തുല്യമായ തുക).
2. ടി തുക 21-9-2015 തീയതിയിലോ അതിനുമുമ്പോ വിതരണം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly